ജനഹിത പരിശോധന നടത്തി അവിടെയുള്ള അണുവൈദ്യുതീനിലയങ്ങൾ മുഴുവൻ മുപ്പതു വർഷങ്ങൾക്കുള്ളിൽ (അതായതു് എ. ഡി.2010—നുമുമ്പ്) പൊളിച്ചുകളയണമെന്നു് 1980—ൽ ഭൂരിപക്ഷപ്രകാരം തീരുമാനിക്കുകയുണ്ടായി. ഈ തീരുമാനം സ്വീഡിഷ് സർക്കാരും അംഗീകരിച്ചു. എല്ലാ റിയാക്റ്ററുകളും അടച്ചിടുമെന്ന ദൃഢനിശ്ചയം 1986—ൽ സ്വീഡിഷ് സർക്കാർ ആവർത്തിച്ചു പ്രഖ്യാപിച്ചിട്ടുമുണ്ടു്.' (ന്യൂയോർക്ക്ടൈംസ്, 18 ആഗസ്റ്റ്, 1986.)

ഇതെല്ലാം മറച്ചുവെച്ച 'സ്വീഡനിലെ വൈദ്യുതിയിൽ നേർപാതി അണുവൈദ്യുതിയാണു്' എന്നു പറയുന്ന ഡോ. ശ്രീനിവാസന്റെ സത്യം മഹാഭാരതത്തിൽ 'അശ്വത്ഥാമാ ഹതഃ കുഞ്ജരഃ' എന്നു പറഞ്ഞ ധർമപുത്രന്റെ സത്യം പോലെയാണെന്നു് 'ദിനമണി' ചൂണ്ടിക്കാട്ടുന്നു.

'സർക്കാർ ജോലിയിലുള്ള ശാസ്ത്രജ്ഞർ സർക്കാരിന്റെ ഇഷ്ടത്തിനെതിരായി പ്രവർത്തിക്കുമെന്നു പ്രതീക്ഷിച്ചുകൂടാ. സർക്കാർ കല്പിച്ചാൽ ശാസ്ത്രജ്ഞർ അണുറിയാക്ടറും ഉണ്ടാക്കും; അണുബോംബും നിർമിക്കും. അതുകൊണ്ടാണു ലോകത്തിലെങ്ങുമുള്ള ജനങ്ങൾ ഭാവിയെ നിർണയിക്കേണ്ട ഉത്തരവാദിത്വം മുഴുവനുമായി ശാസ്ത്രജ്ഞർക്കു വിട്ടുകൊടുക്കാൻ തയ്യാറാകാത്തതു്. അണുവൈദ്യുതീ നിലയങ്ങൾ വേണമോ വേണ്ടയോ എന്ന ജീവന്മരണപ്രശ്നത്തിൽ ബഹുജനങ്ങളുടെ തീരുമാനമാണു് തീരുമാനം' എന്നു് 'ദിനമണി' ഈ മുഖപ്രസംഗം ഉപസംഹരിക്കുന്നു.

കാസർഗോഡ് ജില്ലയിൽ ഒരു അണുവൈദ്യുതീ നിലയം വേണമെന്നതു് കേരളഗവണ്മെന്റിന്റെ ആഗ്രഹമായിരിക്കാം. പക്ഷേ, ഈ കാര്യത്തിൽ അവസാനതീരുമാനം കേരളത്തിലെ ബഹുജനങ്ങളുടേതായിരിക്കണം. അണുവൈദ്യുതീനിലയത്തിന്റെ 'സാമൂഹ്യവില' (സമൂഹം അതിനെ ചോരയായും കണ്ണീരായും വിയർപ്പായും നൽകേണ്ട വില) എന്തെന്നു ബഹുജനങ്ങൾ മനസ്സിലാക്കേണ്ടതു് അനിവാര്യമായ ഒരു ആവശ്യമാണു്.

(3 ഒക്ടോബർ, 1988)

# 47. കൂടംകുളം അണുവൈദ്യുതീനിലയം

ഇന്ത്യയിൽ പത്തു് അണുവൈദ്യുതീ സംയന്ത്രങ്ങൾകൂടി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കാൻ ന്യൂക്ലിയർ പവർ കോർപ്പറേഷൻ (എൻ. പി. സി.) തീരുമാനിച്ചതായി സെപ്റ്റംബർ 20—ലെ 'ഹിന്ദു'വിൽ ആ പത്രത്തിന്റെ ബോംബെ ലേഖകൻ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഇവയിൽ ആറു യൂണിറ്റുകൾ അഞ്ഞൂറു മെഗാവാട്ട് (ഒരു മെഗാവാട്ട്=പത്തുലക്ഷം വാട്ട്) വീതം വൈദ്യുതി ഉല്പാദിപ്പിക്കുന്നവയായിരിക്കും; നാലു യൂണിറ്റുകൾ ഇരുന്നൂറ്റിമുപ്പത്തഞ്ചു മെഗാവാട്ട് ഉല്പാദനശേഷിയുള്ളവയും. നാലെണ്ണത്തിന്റെ പണി ഉടൻ ആരംഭിക്കുമെന്നും, ആറെണ്ണം അടുത്ത പഞ്ചവത്സര പദ്ധതിക്കാലത്തു നിർമിക്കപ്പെടുമെന്നുമാണു പ്രതീക്ഷ. ഈ യൂണിറ്റുകൾ എവിടെയൊക്കെയാണു സ്ഥാപിക്കുക എന്നു് ഇനിയും തീർച്ചയായിട്ടില്ല.

ഡില്ലിയിൽനിന്നു് 140 കിലോമീറ്റർ ദൂരെ ഗംഗാതീരത്തു് നറോറയിൽ രണ്ടു് അണുവൈദ്യുതി യൂണിറ്റുകൾ തയ്യാറായിവരുന്നുണ്ടു്. ഇവയിൽ 470 മെഗാവാട്ട് ഉല്പാദനശേഷിയുള്ള ആദ്യത്തെ യൂണിറ്റ്(എൻ. എ.പി. പി.—1) ഈ ഒക്ടോബർ 31—ാം തീയതി 'ക്രിറ്റിക്കൽ' (ക്രിയോന്മുഖം) ആവുമെന്നാണു കരുതപ്പെടുന്നതു്. ഇതിൽനിന്നു് 1989—ൽ വൈദ്യുതി ലഭിച്ചുതുടങ്ങും. 1976—ൽ നിർമാണം ആരംഭിച്ച ഈ യൂണിറ്റിനു് ഇതിനകം 532 കോടി രൂപ ചെലവായി. നറോറയിലെ രണ്ടാമത്തെ യൂണിറ്റ് (എൻ. എ. പി. പി.—2) 1989

മെയ്മാസത്തിൽ പ്രവർത്തിച്ചുതുടങ്ങുമെന്നാണു പ്രതീക്ഷ. ധാരാളം ഭൂകമ്പസാദ്ധ്യതയുള്ള പ്രദേശമാണ് നറോറ. പക്ഷേ, എത്ര ശക്തിയായ ഭൂകമ്പത്തിലും നറോറയിലെ അണുവൈദ്യുതി നിലയം തകരുകയില്ലെന്നും അതിനുവേണ്ട മുൻകരുതലുകൾ നിർമാണത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നും അധികൃതർ അവകാശപ്പെടുന്നു. 1990, 1991 എന്നീ വർഷങ്ങളിലായി കക്രപ്പാറിലെ രണ്ടു യൂണിറ്റുകൾ പ്രവർത്തനമാരംഭിക്കുമെന്നു കരുതപ്പെടുന്നു. രാജസ്ഥാനിലെ 'കോട്ട' എന്ന നഗരത്തിനടുത്ത് 'റാണാപ്രതാപ് സാഗർ' എന്ന സ്ഥലത്തുള്ള രാജസ്ഥാൻ ആറ്റമിക് പവർ പ്രോജക്ടിൽ (ആർ. എ. പി. പി.) 220 മെഗാവാട്ട്‌വീതം ഉല്പാദനശേഷിയുള്ള രണ്ടു യൂണിറ്റുകൾ ഇപ്പോൾത്തന്നെ പ്രവർത്തിക്കുന്നുണ്ട്. ഇവയ്ക്കു പുറമെ 235 മെഗാവാട്ട്‌വീതം ഉല്പാദനശേഷിയുള്ള രണ്ടു യൂണിറ്റുകൾകൂടി ഇവിടെ 1995–ാമാണ്ട് ആകുമ്പോഴേക്ക സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. കർണാടകത്തിലെ 'കൈഗ' എന്ന സ്ഥലത്തും ഇത്തരം രണ്ടു യൂണിറ്റുകൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുള്ള പ്രാഥമിക ജോലികൾ ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു, 1977–ൽ പ്രവർത്തനമാരംഭിച്ച രാജസ്ഥാൻ ഒന്നാം യൂണിറ്റിൽ (ആർ. എ. പി. പി.–1) വലിയ ചോർച്ചയുള്ളതായി 1981–ൽ കണ്ടെത്തി; ഇതിനെത്തുടർന്ന് ഈ റിയാക്ടർ അടച്ചിടുകയുംചെയ്തു. ഈ റിയാക്ടർ ഒരു പൂർണ പരാജയമാണെന്നും അത് എന്നന്നേക്കുമായി കഴിച്ചുമൂടേണ്ടിവരുമെന്നും 1986–ൽ ഇന്ത്യയിലെ പല പത്രങ്ങളും പ്രസ്താവിച്ചിരുന്നു. കേടുകൾ തീർത്ത് 1987 ആഗസ്റ്റിൽ ഈ യൂണിറ്റ് പ്രവർത്തിപ്പിച്ചുതുടങ്ങിയിട്ടുണ്ട്. പക്ഷേ, അതിന്റെ ഉല്പാദനശേഷി പകുതിപ്പെട്ടിരിക്കുന്നു.

കർണാടകത്തിൽ 'കൈഗ'യിലെന്നപോലെ തമിഴ്നാട്ടിൽ 'കൂടംകുളം' എന്ന സ്ഥലത്തും അണുവൈദ്യുതീനിലയനിർമാണത്തിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. തിരുനെൽവേലി ജില്ലയിൽ കടൽക്കരയിലാണ് കൂടംകുളം. 500 മെഗാവാട്ട് ഉല്പാദനശേഷിയുള്ള ഒരു റിയാക്ടർ റഷ്യയിൽനിന്നു വാങ്ങി ഇവിടെ സ്ഥാപിക്കാനാണ് ഉദ്ദേശ്യം. അണുവൈദ്യുതീനിലയം കൂടംകുളത്തു സ്ഥാപിക്കുന്നതു സംബന്ധിച്ച സർക്കാർ ഇതുവരെ ഒരു പ്രഖ്യാപനവും പുറപ്പെടുവിച്ചിട്ടില്ല. എങ്കിലും ആയിരംകോടി രൂപ ചെലവുള്ള ഒരു വലിയ സ്ഥാപനം ഇവിടെ ആരംഭിക്കുവാൻപോവുകയാണെന്ന പ്രചാരവേല മുമ്പേ തുടങ്ങിയിരുന്നു. 'ജനക്ഷേമകര'മായ ഈ പദ്ധതി താമസിപ്പിക്കുന്നതിൽ ആക്ഷേപം പ്രകടിപ്പിക്കുന്നവരും കുറവായിരുന്നില്ല. ഇപ്പോൾ പദ്ധതിക്കുവേണ്ടി കുറെയധികം കൃഷിസ്ഥലങ്ങൾ അണുവൈദ്യുതീവകുപ്പ് പൊന്നുംവിലയ്ക്കെടുത്തുകഴിഞ്ഞിട്ടുണ്ട്. കൂടംകുളം പദ്ധതിയിലെ ഉദ്യോഗസ്ഥന്മാർക്കുവേണ്ടി നാഗർകോവിലിൽ ഒരു ചെറിയ ഓഫീസ് തമിഴ്നാട് ഇലക്ട്രിസിറ്റി ബോർഡ് തുറക്കുകയുംചെയ്തിരിക്കുന്നു.

കേരളത്തിൽ ഇടുക്കി ജില്ലയിലെ കോതമംഗലത്ത് പെരിയാറിൻകരയിൽ ഒരു അണുവൈദ്യുതീനിലയം സ്ഥാപിക്കാനുള്ള ആലോചന ജനങ്ങളുടെ സംഘടിതമായ എതിർപ്പിനെ തുടർന്നു തൽക്കാലത്തേക്കെങ്കിലും ഉപേക്ഷിക്കപ്പെട്ടിരിക്കുകയാണല്ലോ. കൂടംകുളത്ത് അണുവൈദ്യുതീനിലയം സ്ഥാപിക്കുന്നതിനോടു വ്യാപകമായ എതിർപ്പ് കന്യാകുമാരി, തിരുനെൽവേലി, ചിദംബരനാർ എന്നീ ജില്ലകളിലെ മുക്കുവർക്കിടയിൽ ഇപ്പോൾ രൂപംകൊണ്ടുവരികയാണെന്നു സെപ്തംബർ 15–ലെ 'ദിനമണി' പത്രം റിപ്പോർട്ട്ചെയ്യുന്നു. ഈ മുക്കുവരിൽ ഭൂരിഭാഗവും ക്രൈസ്തവരാണ്. പള്ളി അവർക്കു നേതൃത്വം നല്കുന്നു.

വരണ്ട കന്യാകുമാരി ജില്ലയിൽ ജലസേചനത്തിനുള്ള ഏക ഉപാധി പേച്ചിപ്പാറ അണക്കെട്ടാകുന്നു. റിയാക്ടർ തണുപ്പിക്കാൻവേണ്ടി പേച്ചിപ്പാറ അണക്കെട്ടിനു മുകളിലെ വെള്ളം ഉപയോഗിക്കാമെന്നതാണ് കൂടംകുളത്ത് അണുവൈദ്യുതീനിലയം സ്ഥാപിക്കുന്നതിലെ 'സൗകര്യം'. പേച്ചിപ്പാറ വെള്ളം വൈദ്യുതീനിലയത്തിൽ ശീതളീകാരി (കൂളന്റ്) ആയി ഉപയോഗി

ക്കാൻ തുടങ്ങിയാൽ കന്യാകുമാരിയിലെ ജലസേചനം മുടങ്ങും. വയലുകളെല്ലാം വരണ്ടുപോവുകയുംചെയ്യും. ഈ വിപത്തിനെപ്പററി കന്യാകുമാരിയിലെ കർഷകർ ഇപ്പോൾ മനസ്സിലാക്കിത്തുടങ്ങിയിട്ടുണ്ട്.

റിയാക്ടർ തണുപ്പിച്ചശേഷം പുറത്തുവിടുന്ന വെള്ളം വളരെ ചൂടുള്ളതായിരിക്കും; അതിൽ മാരകരശ്മിപ്രസരണം (റേഡിയോ ആക്ടിവിററി) ഉണ്ടാകാനും സാദ്ധ്യതയുണ്ട്. ഈ ഉഷ്ണവിഷജലം കടലിലേക്ക് ഒഴുക്കുവാനാണ് ഉദ്ദേശ്യം. കൂടംകുളത്തിന് അടുത്ത് 'ഇടിന്തകര' എന്ന മുക്കുവഗ്രാമത്തോടു തൊട്ടുകിടക്കുന്ന കടൽപ്രദേശത്ത് അപൂർവങ്ങളായ പല കടൽജീവികളും ഉള്ളതായി പാളയംകോട്ട സെൻറ് സേവിയർ കോളേജിലെ ജന്തുശാസ്ത്രവിഭാഗം നടത്തിയ പഠനത്തിൽ വെളിപ്പെട്ടിട്ടുണ്ട്. കൂടംകുളം അണുവൈദ്യുതീനിലയത്തിൽനിന്നുള്ള ചൂടുവിഷനീരൊഴുക്ക് അതിലെ ചൂടുകൊണ്ടും രശ്മിപ്രസരണംകൊണ്ടും കടലിലെ ഈ ജന്തുവൈവിധ്യത്തെ നശിപ്പിച്ചുകൂടെന്നില്ല. ക്രമത്തിൽ ഇവിടെ മീൻപിടിത്തംതന്നെ അസാദ്ധ്യമായേക്കാം. അണുപ്രസരണമുള്ള മീൻ തിന്നു രോഗബാധിതരാവാൻ ആരാണ് ഇഷ്ടപ്പെടുക?

കർഷകർക്കും മുക്കുവർക്കും പുറമേ വക്കീലന്മാർ യുവജനനേതാക്കൾ ക്രിസ്ത്യൻ പള്ളികളിലെ വികാരികൾ മുതലായവരും കൂടംകുളം അണുവൈദ്യുതീ പദ്ധതിക്കെതിരായി രംഗത്തു വന്നിട്ടുണ്ട്. പദ്ധതിയെ എതിർക്കുന്നതിനായി ഇടിന്തകര ഗ്രാമത്തിൽ 1988 ആഗസ്റ്റ് 28-ാം തീയതി ചേർന്ന യോഗത്തിൽ ആയിരത്തോളം ആളുകൾ പങ്കെടുത്തിരുന്നു. മുമ്പു പറഞ്ഞ മൂന്നു ജില്ലകളിൽനിന്നുള്ള മുക്കുവസംഘടനകളുടെ പ്രതിനിധികൾ അവിടെ ഹാജരായിരുന്നു. റവ. ഫാദർ ഹൃദയരാജ്, റവ ഫാദർ അരുംനാഥൻ, അഡ്വ ഷൺമുഖം, തമിഴ് സാഹിത്യകാരനായ ജ്ഞാനി ശങ്കരൻ തുടങ്ങിയവർ ഈ പ്രതിഷേധയോഗത്തിൽ പ്രസംഗിക്കുകയുണ്ടായി. കൂടംകുളത്ത് അണുവൈദ്യുതീനിലയം സ്ഥാപിക്കുന്നതിനുള്ള യത്നങ്ങളെ ജനങ്ങൾ സംഘടിച്ച് എതിർക്കുമെന്നു പ്രഖ്യാപിക്കുന്ന ആയിരക്കണക്കിനു കത്തുകൾ പ്രധാനമന്ത്രി രാജീവ്ഗാന്ധിക്ക് അയയ്ക്കാൻ യോഗം തീരുമാനിച്ചു. ജനത, അ തി. മു. ക. (ജാനകി), തി. മു ക. മുതലായ ഏതാനും രാഷ്ട്രീയപ്പാർട്ടികൾ കൂടംകുളം പദ്ധതിക്ക് എതിരാണ്. അതേസമയം തിരുച്ചെന്തൂരിലെ (കോൺഗ്രസ്) എം. പി. ധനഷ്കോടി ആദിത്യൻ, കന്യാകുമാരിയിലെ (കോൺഗ്രസ്) എം. പി. ഡെന്നീസ്, ഇടതു കമ്യൂണിസ്റ്റ് പ്രവർത്തകൻ എ കുമാരസ്വാമി എന്നിവർ ഈ പദ്ധതി ഉടൻ നടപ്പിൽ വരുത്തണമെന്ന് ആവശ്യപ്പെടുന്നുമുണ്ട്. ആയിരംകോടി രൂപ മുതൽമുടക്കുള്ള ഈ പദ്ധതി നാട്ടിൽ സമൃദ്ധി ഉളവാക്കുമെന്നാണ് അവരുടെ വാദം.

ബ്രിട്ടൻ, സ്വീഡൻ, ഇററലി, ഫിൻലൻഡ്, ഫ്രാൻസ്, ആസ്ട്രിയ, യൂഗോസ്ലാവിയ, ഹോളണ്ട് തുടങ്ങിയ യൂറോപ്യൻ രാജ്യങ്ങളിൽ അണുവൈദ്യുതീനിർമാണത്തിലുള്ള താല്പര്യം അപ്രത്യക്ഷമായിരിക്കുകയാണ്. അമേരിക്ക പുതിയ അണുവൈദ്യുതീ നിർമാണ പദ്ധതികളെല്ലാം 1979 മുതൽ നിർത്തിവെച്ചിരിക്കുന്നു. മനുഷ്യവർഗത്തിൻെറ ഊർജപ്രശ്നത്തിന് അവസാന പരിഹാരമെന്ന നിലയിൽ 1950-കളിൽ ഉന്നയിക്കപ്പെട്ടിരുന്ന അണുവൈദ്യുതിയുടെ സൽപ്പേര് മുപ്പതു വർഷങ്ങളിലെ കടുത്ത അനുഭവങ്ങൾക്കുശേഷം ഏത്രയോ ദുഷിച്ചുപോയിട്ടുണ്ട്.

അണുവൈദ്യുതീ നിലയങ്ങളെപ്പററി ആലോചിക്കുമ്പോൾ താഴെ ചേർക്കുന്ന മൗലികപ്രശ്നങ്ങൾ കാണാതിരുന്നുകൂടാ.

1 അണുബോംബുപോലെ അതേ മാരകഫലങ്ങളോടെ അണുവൈദ്യുതീനിലയവും പൊട്ടിത്തെറിച്ചേക്കാം.

2 പൊട്ടിത്തെറിയോ ചോർച്ചയോ മററ് അപകടങ്ങളോ ഉണ്ടാവുകയാ

ങ്ങളിൽ അണുവൈദ്യുതീനിലയങ്ങൾക്കു പുറമുള്ള ജീവികൾ വൻതോതിൽ ചത്തടിയുകയും രോഗബാധിതങ്ങളാവുകയും ചെയ്യാം; വളരെയധികം സ്ഥലം വാസയോഗ്യമല്ലാതാവാം.

3 അണുവൈദ്യുതി ഒരിക്കലും ലാഭകരമല്ല. അതുണ്ടാക്കാൻ താങ്ങാനാവാത്ത പണച്ചെലവുണ്ട്.

4 അണുവൈദ്യുതീനിലയങ്ങൾ അല്പായുസ്സുകളാണ്. ഏതാണ്ട് മുപ്പത്തഞ്ചു വർഷം പ്രവർത്തിക്കുമ്പോഴേക്ക് അണുപ്രസരണംമൂലം അവ ആപൽക്കരങ്ങളായിത്തീരുന്നു. പിന്നീട് അവ സിമൻറും മണ്ണും ഉപയോഗിച്ചു മൂടിക്കളയുകയേ നിർവാഹമുള്ളു. അവ ഉണ്ടാക്കാൻ ചെയ്യേണ്ടിവന്നതിലേറെ ചെലവ് അവ കഴിച്ചുമൂടാൻ ചെയ്യേണ്ടിവരും.

5 അണുവൈദ്യുതീനിലയം മാരകരശ്മി പ്രസരണമുള്ള മലിനവസ്തുക്കളെ വൻതോതിൽ പുറന്തള്ളുന്നു. ഈ വിസർജ്യങ്ങൾ ശേഖരിച്ചു കഴിച്ചുമൂടുകയെന്ന പ്രശ്നത്തിന് ഇന്നോളം പരിഹാരമുണ്ടായിട്ടില്ല.

കേരളത്തിൽ ഒരു അണുവൈദ്യുതീനിലയം സ്ഥാപിച്ചുകിട്ടേണ്ടതിൻെറ ആവശ്യകതയെപ്പററി ഇവിടത്തെ മന്ത്രിമാരിൽ ചിലർ കൂടെക്കൂടെ പ്രസ്താവനകൾ നടത്താറുണ്ട്. അണുവൈദ്യുതിയിൽ അന്തർഭവിച്ച പ്രശ്നങ്ങളെപ്പററി പഠിക്കാൻ അവർ മിനക്കെട്ടിട്ടില്ലെന്നു സമാധാനിക്കാം. എന്നാൽ, ഡോ. രാമണ്ണയെപ്പോലുള്ള ശാസ്ത്രജ്ഞന്മാർപോലും ഇന്ത്യയുടെ ഏകരക്ഷാമാർഗമായി അണുവൈദ്യുതിയെ ഉയർത്തിക്കാട്ടുന്നതു് അജ്ഞതകൊണ്ടാവാൻ തരമില്ല. പാശ്ചാത്യരാജ്യങ്ങളിൽ അണുവൈദ്യുതീ നിലയങ്ങളിലുണ്ടായ അപകടങ്ങൾ 'മോശമായ നടത്തിപ്പുകൊണ്ടും നിർദേശങ്ങൾ ശരിയായി അനുസരിക്കാത്തതുകൊണ്ടും സംഭവിച്ചവ'യാണെന്ന് സെപ്തംബർ 18—ാം തീയതി ബെൽഗാവിൽചെയ്ത ഒരു പ്രസംഗത്തിൽ ഡോ. രാമണ്ണ പ്രസ്താവിച്ചതായി പത്രറിപ്പോർട്ടുകളുണ്ടായിരുന്നു. നടത്തിപ്പിലെ 'മോശത്ത'വും 'നിർദേശങ്ങൾ അനുസരിക്കായ്ക'യും ഇന്ത്യയിലുണ്ടാവില്ലെന്നതിനു് എന്താണു് ഉറപ്പു്?

മുകളിൽ അക്കമിട്ടു പറഞ്ഞ പ്രശ്നങ്ങളിൽ പലതും ഉള്ളതായിത്തന്നെ ഡോ. രാമണ്ണ കണക്കാക്കുന്നില്ല. എന്നാൽ, അണുവൈദ്യുതീനിലയങ്ങളിലെ മാലിന്യം എങ്ങനെ കഴിച്ചുകൂടാമെന്നതിനെപ്പററി അദ്ദേഹത്തിനു ചില അഭിപ്രായങ്ങളുണ്ട്. ഇന്നു് ഇന്ത്യയിലുള്ള അണുവൈദ്യുതീനിലയങ്ങൾ ഉല്പാദിപ്പിക്കുന്ന മാലിന്യങ്ങളിൽ ഏററവും ആപല്ക്കരമായവ എ. ഡി 2000—മാണ്ട് ആവുമ്പോഴേക്ക് 8000 ചതുരശ്രമീററർ അളവോളമേ വരൂ എന്നു് അദ്ദേഹം പറയുന്നു. ഈ വിസർജ്യം പിന്നീട് 800 വർഷങ്ങളോളം ആപല്ക്കരമായി തുടരും. പക്ഷേ, ഇതു കാചമാക്കി മാററി (വിട്രിഫൈ) അതാതു് അണുവൈദ്യുതീനിലയങ്ങൾക്കടുത്തുതന്നെ കുഴിച്ചിടുക വിഷമമല്ലെന്നു് ഡോ. രാമണ്ണ പ്രസ്താവിക്കുന്നു.

എങ്കിൽ എന്തിനു് അമേരിക്കൻ—യൂറോപ്യൻ രാജ്യങ്ങൾ തങ്ങളുടെ അണുമാലിന്യങ്ങൾ കുഴിച്ചിടാൻ ആഫ്രിക്കൻ രാജ്യങ്ങളിൽ സ്ഥലം തേടുന്നു? ഈ മാലിന്യനിക്ഷേപത്തിനെതിരെ ആഫ്രിക്കയിലെ നാട്ടുകാർ എന്തിനു കലാപക്കൊടി ഉയർത്തുന്നു? 'ഗാർബേജ് ഇമ്പീരിയലിസം' എന്ന ഒരു പുതിയ ശൈലി ഈയിടെയായി കേട്ടുതുടങ്ങിയിട്ടുള്ളതു് എന്തുകൊണ്ട്?

(20 സെപ്തംബർ, 1988)